പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 7938 24.07.2012-ൽ മറുപടിയ്ക്ക്

# വൈദ്യുതി ബോർഡ് കമ്പനിയാക്കുമ്പോൾ പെൻഷൻ നൽകുന്നതിന് ത്രികക്ഷി കരാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) വൈദ്യുതി ബോർഡ് കമ്പനി യാക്കുമ്പോൾ മറ്റു സംസ്ഥാനങ്ങളിലേതുപോലെ പെൻഷൻകാർക്ക് ത്രികക്ഷി കരാർ നടപ്പിലാക്കുമോ ; | (എ) സംസ്ഥാന വൈദ്യുതി ബോർഡിനെ കമ്പനിയായി പുന:സംഘടിപ്പിക്കുമ്പോൾ നിലവിലുള്ള ജീവനക്കാരുടെ പെൻഷൻ, സേവന-വേതന വ്യവസ്ഥകൾ എന്നിവ ഇപ്പോഴുള്ളതുപോലെ തുടരുന്നതാണ്. ഇത് സംബന്ധിച്ച് ജീവനക്കാർക്കുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിനും ജീവനക്കാരുടെ സംഘടനകളുമായി ഏർപ്പെടാനുദ്ദേശിക്കുന്ന കരാറിൽ ഉൾപ്പെടുത്തേണ്ടുന്ന വ്യവസ്ഥകൾ സംബന്ധിച്ച് തീരുമാനിക്കുന്നതിനും സംഘടനാ പ്രതിനിധികളുമായുള്ള ചർച്ചകൾ സർക്കാർ തലത്തിൽ പുരോഗമിച്ചു വരുന്നു. മറ്റു സംസ്ഥാനങ്ങളിലെ അനുഭവ പാഠങ്ങൾ കൂടി ഉൾക്കൊണ്ടുകൊണ്ടായിരിയ്ക്കും തുടർനടപടികൾ സ്വീകരിക്കുക. |
| (ബി) ഈ വിഭാഗം പെൻഷൻകാർക്ക് പെൻഷൻ നൽകാൻ സർക്കാർ ഗ്യാരൻറി നൽകുമോ ? | (ബി) 2008 ൽ പുറപ്പെടുവിച്ച കേരള ഇലക്ട്രിസിറ്റി ഫസ്റ്റ് ട്രാൻസ്ഫർ സ്കീമിൽ മുൻ വൈദ്യുതി ബോർഡിൻെറ ആസ്തി ബാദ്ധ്യതകളേയും ജീവനക്കാരെയും പുതിയ കമ്പനിയിലേക്ക് പുനർനിക്ഷിപ്തമാക്കു മ്പോൾ ജീവനക്കാരുടെ തൊഴിൽ, വേതനം, പെൻഷൻ തുടങ്ങിയവ സംരക്ഷിക്കുന്നത് സംബന്ധിച്ച പൊതുവായ വ്യവസ്ഥകൾ നിഷ്ക്കർഷിച്ചിട്ടുണ്ട്. ഇവയ്ക്ക് അനുസൃതമായ വ്യവസ്ഥകളോടെ ജീവനക്കാരുടെയും , പെൻഷൻകാരുടെയും നിലവിലുള്ള ആനുകൂല്യങ്ങൾ സംരക്ഷിച്ചുകൊണ്ട് അവർക്ക് ദോഷം വരാത്ത രീതിയിൽ കേരള ഇലക്ട്രിസിറ്റി സെക്കൻഡ് ട്രാൻസ്ഫർ സ്കീം (റീ-വെസ്റ്റിംഗ്), 2012-ന് രൂപം നൽകുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ.